# ലൈഫ് മിഷൻ – ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 26.07.2017–ൽ കൂടിയ യോഗത്തിന്റെ മിനിട്സ്

യോഗം ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 9.30–ന് ആരംഭിച്ചു.

ചർച്ചകളെ തുടർന്ന് താഴെ ചേർത്തിട്ടുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു.

E - OFFICE
Receipt E - No 15809 89/2017/ACS Fin

1. പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം.

- നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിന് നൽകുന്ന ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി നിജപ്പെടുത്തുവാൻ തീരുമാനിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇത് ആറു ലക്ഷം രൂപ വരെ ആയിരിക്കും. ഓരോ വീടിന്റെയും പൂർത്തീകരണ ഘട്ടം പരിശോധിച്ച് ആനുപാതിക ധനസഹായം നൽകുന്നതാണ്.
- ആനുപാതിക വർദ്ധനവിന് ശേഷവും നിർമ്മാണം പൂർത്തിയാക്കുന്നതിന് തുക പര്യാപ്തമല്ലെങ്കിൽ പ്രാദേശിക വിഭവ സമാഹരണം നടത്തി ഭവനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.
- നിർമ്മാണം പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിച്ച് വാസയോഗ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യങ്ങളിൽ എംപാനൽ ചെയ്ത ഏജൻസികൾ / കരാറുകാർ മുഖേന നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.
- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും നിർമ്മാണം പൂർത്തികരിക്കാത്ത ഭവനങ്ങൾ ഇല്ലാ എന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട സെക്രട്ടറിയുടെ ഉത്തരവാദിത്തം ആയിരിക്കും.

2. ഭവനസമുച്ചയങ്ങളുടെ നിർമ്മാണം

- ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകാരമുള്ള ഏജൻസികളെ പങ്കെടുപ്പിച്ച് ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച് നിർമ്മാണം എല്പ്പിക്കുവാൻ തീരുമാനിച്ചു.
- ആദ്യഘട്ട ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് CREDAI പോലെ സർക്കാർ അംഗീകാരം ഇല്ലാത്ത ഏജൻസികളെ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇത്തരം ഏജൻസികളെ പിന്നീടുള്ള ഘട്ടങ്ങളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് നിയമവശം കൂടി പരിശോധിച്ച് പരിഗണിക്കുവാനും തീരുമാനിച്ചു.
- ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകാരമുള്ള ഏജൻസികളെ ചുമതലപ്പെടുത്തുമ്പോൾ നിർമ്മാണത്തിന്റെ ഗുണനിലവാരം

പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്‌ജിനീയറുടെ നേതൃത്വത്തിൽ ഒരു സമിതിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു. ഇതോടൊപ്പം Third Party Quality Control Mechanism കൂടി ഏർപ്പെടുത്തുവാനും തീരുമാനിച്ചു.

- ആദ്യഘട്ടത്തിൽ നിർമ്മിക്കുന്ന ഭവനസമുച്ചയങ്ങൾക്ക് എത്ര നിലകളാകാം എന്നത് തീരുമാനിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ ഒരു യോഗം വിളിച്ച് ചേർക്കുവാൻ തീരുമാനിച്ചു.

3. വ്യക്തിഗത ഭവനനിർമ്മാണം

- വ്യത്യസ്ഥമായ ഭൂപ്രദേശങ്ങളിൽ വ്യക്തിഗത ഭവന നിർമ്മാണം നടത്തുന്നതിനായി നാലോ അഞ്ചോ രീതിയിൽ വ്യത്യസ്ഥ soil condition അനുസരിച്ച് ഡിസൈൻ തയ്യാറാക്കി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്‌ജിനീയറെ ചുമതലപ്പെടുത്തി. പ്രസ്തുത ഡിസൈനുകൾ പരിശോധിച്ച് ഒരു ഏകീകൃത നിരക്ക് അടുത്ത യോഗത്തിൽ നിശ്ചയിക്കുവാൻ തീരുമാനിച്ചു.
- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എന്‌ജിനീയർ ഡിസൈനുകൾ തയ്യാറാക്കുമ്പോൾ ' സ്റ്റെയർകെയിസ് ' നിർബ്ബന്ധമായും ഉണ്ടാകേണ്ടതാണ്. ഭവനത്തിന്റെ അടിസ്ഥാനം നിർമ്മിക്കുമ്പോൾ ആവശ്യമെങ്കിൽ ഭാവിയിൽ ഭവനത്തിന്റെ വിസ്തൃതി കൂട്ടുന്നതിന് വേണ്ട മുൻകരുതൽ ഉണ്ടാവേണ്ടതാണ്.
- വ്യക്തിഗത ഭവന നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.
    - ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യങ്ങളിൽ ഏജൻസികൾ / കരാറുകാർ മുഖേന നിർമ്മാണം പൂർത്തിയാക്കാവുന്നതാണ്.
- വ്യക്തിഗത ഭവന നിർമ്മാണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- ഗുണഭോക്താക്കളുടെ കുടുംബാംഗങ്ങളുടെ അധ്വാനം ഭവന നിർമ്മാണത്തിന് ഉപയോഗിക്കേണ്ടതാണ്.
- ഈ പദ്ധതികൾ മേൽനോട്ടം നടത്തുന്നതിനായി ഒരു എം.ഐ.എസ്. രൂപം നൽകുവാൻ ഐ.കെ.എം.-നോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

4. ധനസമാഹരണം

- ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ ഒരു സമിതി ധനസമാഹരണത്തിന് ആവശ്യമായ Macro Level Planning നടത്തുവാനും തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ Micro Level Planning നടത്തുവാനും തീരുമാനിച്ചു.

- വരുന്ന നാല് വർഷത്തേക്ക് ആവശ്യമുള്ള തുക എത്രയെന്ന് നിശ്ചയിക്കുന്നതിനും അത് കണ്ടെത്തുന്നതിനും വേണ്ടി തുടർ ചർച്ച നടത്തുവാൻ തീരുമാനിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് ലൈഫ് മിഷനിലേക്ക് ധനസമാഹരണം നടത്തുവാനും പിന്നീട് ആവശ്യാനുസരണം താഴെ തട്ടിലേക്ക് തുക വിതരണം ചെയ്യുവാനും തീരുമാനിച്ചു.

സി.ഇ.ഒ., ലൈഫ് മിഷൻ

സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

14.7.17

ചീഫ് സെക്രട്ടറി

14/07/2017